**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3393** 19.06.19 ൽ മറുപടിയ്ക്ക്

**വാഹനങ്ങളിൽ നിന്നുള്ള കാർബൺ എമിഷൻ കുറക്കുന്നതിന് നടപടി**

| | ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വാഹനങ്ങളിൽ നിന്നുള്ള കാർബൺ എമിഷൻ കുറച്ചുകൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നത്; | (എ) & (ബി) | അന്തരീക്ഷ മലിനീകരണം ലഘൂകരിക്കുന്നതിനായി ഇലക്ട്രിക് വാഹന ഉപയോഗം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഇലക്ട്രിക് വാഹന നയം സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങളായ CNG, LNG, LPG (ഓട്ടോ) എന്നിവ ഇന്ധനമായി ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം തിരുവനന്തപുരം , കൊച്ചി, കോഴിക്കോട് നഗരങ്ങളിലെ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഓട്ടോറിക്ഷകൾ നിർബന്ധമായും 2020 മാർച്ച് 31 ന് ഉള്ളിൽ CNG, LNG, ഇലക്ട്രിക് എന്നീ ബദൽ ഇന്ധനത്തിലേയ്ക്ക് മാറ്റുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതുവഴി കാർബൺ എമിഷൻ ഒരു പരിധിവരെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. കൂടാതെ നിലവിൽ സംസ്ഥാനത്ത് BS IV നിലവാരത്തിലുള്ള വാഹനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുന്നുള്ളൂ. ആയതിനുള്ള നിർദ്ദേശം എല്ലാ മോട്ടോർ വാഹന ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. 2022-ഓടു കൂടി 10 ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ റോഡിലിറക്കുവാനാണ് ഇലക്ട്രിക് വാഹന നയത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ആയതിന്റെ ഫലമായി നിരവധി ഇലക്ട്രിക് വാഹനങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ ക്രിയാത്മകമായ എന്തെങ്കിലും നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഫലമായി എന്തെങ്കിലും പ്രകടമായ മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; | | |
| (സി) | ഇത് സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഇക്കാര്യത്തിൽ ഗതാഗത വകുപ്പ് ശാസ്ത്രീയ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ